# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2930 — 11/12/2014 ൽ മറുപടിക്ക്

### ഐ.ഇ.ഡി.എസ്.എസ് റിസോഴ്സ് അദ്ധ്യാപകർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പൂർണ്ണ യോഗ്യത നേടിയ എത്ര ഐ.ഇ.ഡി.എസ്.എസ് റിസോഴ്സ് അദ്ധ്യാപകർ ജോലി നോക്കുന്നുണ്ടെന്ന് അറിയിക്കാമോ ;<br><br>ബി) ഈ അദ്ധ്യാപകർ എത്ര കാലമായി പ്രസ്തുത ജോലിയിൽ തുടരുന്നുണ്ട് ; | എ) യും ബി) യും | കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിയായ IEDSS പ്രകാരം സംസ്ഥാനത്തിലെ വിവിധ ജില്ലകളിലായി 725 റിസോഴ്സ് അദ്ധ്യാപകർ 2009-10 മുതൽ വിവിധ കാലഘട്ടങ്ങളിലായി നിയമിക്കപ്പെട്ട് ജോലി നോക്കുന്നുണ്ട്. |
| സി) പ്രസ്തുത അദ്ധ്യാപകരുടെ ജോലി സ്ഥിരത ഉറപ്പുവരുത്താൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | സി) | കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിയിൻ കീഴിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന റിസോഴ്സ് അധ്യാപകർക്കെല്ലാം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും ഏപ്രിൽ മാസത്തിൽ തന്നെ ജോലിയിൽ തുടരുന്നതിനുള്ള പുനർ നിയമനം നടത്തിവരുന്നു. |
| ഡി) റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിലൂടെ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുമോ ; വിശദാംശങ്ങൾ നല്കുമോ? | ഡി) | കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ IEDSS പദ്ധതിയിലൂടെ കേന്ദ്ര സർക്കാർ റിസോഴ്സ് അദ്ധ്യാപകർക്കുള്ള ശമ്പളം നൽകുന്നിടത്തോളം കാലം സംസ്ഥാന സർക്കാരിന് യാതൊരു ബാധ്യതയും ഉണ്ടാകുകയില്ല. |

സെക്ഷൻ ഓഫീസർ